പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2026 07. 07. 2015 ൽ മറുപടിക്ക്

## വൈദ്യുതി മോഷണക്കേസുകൾ

ചോദ്യം
ശ്രീ. എം.ഹംസ

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)1.7.2011 മുതൽ 31.5.2015 വരെ എത്ര വൈദ്യുതി മോഷണക്കേസ്സുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി; പ്രസ്തുത കേസുകളിൽപ്പെട്ട-വർക്ക് വൈദ്യുതബോർഡ് എന്തു ശിക്ഷയാണ് നൽകുന്നത്; | (എ) 2073 വൈദ്യുതി മോഷണക്കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കേസുകളിൽപ്പെട്ടവരിൽ നിന്നും പിഴത്തുക അടച്ചവരെ വൈദ്യുതി നിയമം 2003 അനുശാസിക്കുന്ന പ്രകാരം കോമ്പൌണ്ടിംഗ് ഫീ ഈടാക്കിക്കൊണ്ട് ക്രിമിനൽ നടപടികളിൽ നിന്നും ഒഴിവാക്കുകയും, പിഴത്തുക ഒടുക്കാൻ വിസമ്മതിച്ചവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) 1.7.2011 മുതൽ 31.5.2011 വരെ ശ്രദ്ധയിൽ പ്പെട്ടതും കേസെടുത്തതുമായ എല്ലാ കേസുകളിലുമായി ആകെ എത്ര തുക ബോർഡി-ലേയ്ക്ക് മുതൽ കൂട്ടാനായി എന്ന് വെളിപ്പെടുത്താമോ; | (ബി) 13,80,98,596/- രൂപ ബോർഡിലേയ്ക്ക് മുതൽ കൂട്ടാനായി. |
| (സി) വൈദ്യുതി മോഷണം തടയുന്നതിന് മുൻകരുതലായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (സി)വൈദ്യുതി മോഷണം തടയുന്നതിന് മുൻകരുതലായി പത്രമാധ്യമങ്ങളിലൂടെയും, ഇലക്ട്രോണിക് മാധ്യമങ്ങ-ളിലൂടെയും ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതി-നുള്ള നടപടികളെടുക്കുന്നുണ്ട്. കൂടാതെ എ.പി.റ്റി.എസ്. സ്ക്വാഡുകൾ രാത്രികാലങ്ങളിലും അവധി ദിവസങ്ങൾ ഉൾപ്പെടെയും നടത്തുന്ന ദൈനംദിന പരിശോധനകൾ വൈദ്യുതി മോഷണത്തിനെതിരെ ഉപഭോക്താക്കളിൽ ഒരു |

| | |
|---|---|
| | അവബോധം സൃഷ്ടിക്കുന്നതിന് സഹായകമാകുന്നുണ്ട്. |
| (ഡി) സ്ഥാപനങ്ങൾ, ഭവനങ്ങൾ, മറ്റ് സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബോർഡുഉദ്യോഗസ്ഥർ പരിശോധന നടത്തി വരുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള സംവിധാനം ഉണ്ടാക്കുമോ; വിശദാംശം നൽകാമോ ? | (ഡി) പരിശോധന നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ